# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

ICAR

സി.പി.സി.ആർ.ഐ CPCRI

## വാർത്താപത്രിക
## NEWSLETTER

Vol. 14 Issue 02

വാല്യം 14 ലക്കം 02

April - June 2016

ഏപ്രിൽ – ജൂൺ 2016





- പ്രധാന വാർത്തകൾ
- സാങ്കേതിക വിദ്യാ പ്രചാരണം
- സാങ്കേതിക നുറുങ്ങുകൾ
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- മറ്റ് പ്രവർത്തനങ്ങൾ


കെ.വി.കെയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഈ QR Code സ്കാൻ ചെയ്യൂ.


**കെ. വി.കെയുമായി ബന്ധപ്പെടാൻ...**

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org


**കെ.വി.കെയിൽ വില്പനയ്ക്ക്**

- ഫലവൃക്ഷത്തൈകൾ
- പച്ചക്കറി വിത്തുകൾ
- ‘നന്മ’
- കായീച്ചക്കെണികൾ
- സ്യൂഡോമോണാസ്
- വേപ്പെണ്ണ
- മത്സ്യഗവ്യം
- കൂൺവിത്ത്
- സൂഷ്മപോഷക വളങ്ങൾ
- ഇ.എം. ലായനി
- ചകിരിച്ചോർ കമ്പോസ്റ്റ്
- മുട്ടക്കോഴികുഞ്ഞുങ്ങൾ
- ഗ്രോബാഗ്
- കാർഷിക പ്രസിദ്ധീകരണങ്ങൾ

## പ്രധാനമന്ത്രി ഫസൽ ബീമാ യോജന കർഷക സംഗമവും, കാർഷിക പ്രദർശനവും

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന കർഷകർക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കർഷക സംഗമവും കാർഷിക പ്രദർശനവും ജൂൺ 20ന് പാതിരാപ്പള്ളി ഏഞ്ചൽ കിംഗ് ആഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ആലപ്പുഴ എം.പി. കെ.സി വേണുഗോപാൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ശ്രീമതി. ദലീമ (ബഹു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. ജീവന സൂചിക ഉയരുന്ന സാഹചര്യത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള കാർഷിക രീതികൾ നടപ്പിലാക്കേണ്ടതുണ്ടെന്നും തെങ്ങുൾപ്പെടെയുള്ള കൂടുതൽ വിളകൾ പുതിയ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ബഹുമാനപ്പെട്ട എം.പി അഭിപ്രായപ്പെട്ടു. കേരകൃഷി മേഖലയിൽ സി.പി.സി.ആർ.ഐ നടത്താനുദ്ദേശിക്കുന്ന പദ്ധതികളെകുറിച്ച് സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ വിവരിക്കുകയും കെ.വി.കെയുടെ പ്രസിദ്ധീകരണങ്ങൾ പ്രകാശനം ചെയ്യുകയും ചെയ്തു. പ്രധാനമന്ത്രി ഫസൽ ബീമാ യോജനയെക്കുറിച്ചും കർഷകർക്ക് ഈ പദ്ധതി എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ചുമുള്ള സെമിനാർ ശ്രീ. ശ്യാംകുമാർ. ബി.ജി (ഡെപ്യൂട്ടി മാനേജർ, അഗ്രി ഇൻഷുറൻസ് കമ്പനി ഇന്ത്യ ലിമിറ്റഡ്), ശ്രീ. പി.എ. ഷംസുദ്ദീൻ (ഇഫ്കോ) എന്നിവരുടെ നേതൃത്വത്തിൽ നടന്നു. തെങ്ങിന്റെ കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ച് ശ്രീ. ശിവകുമാറും, ശ്രീമതി. ലേഖയും (കെ.വികെ വിദഗ്ദ്ധർ) ക്ലാസ്സുകൾ നയിച്ചു. കന്നുകാലി വളർത്തലിലെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും ക്ഷീരവകുപ്പിന്റെ വിവിധ പദ്ധതികളെ കുറിച്ചും ഡോ. എസ്. രവി (കെ.വി.കെ) ശ്രീമതി.



പ്രധാനമന്ത്രി ഫസൽ ബീമാ യോജന – കർഷകസംഗമം ബഹു. ആലപ്പുഴ എം.പി. കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.





കെ.വി.കെ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം.


കെ.വി.കെ കാർഷിക പ്രദർശന ഉദ്ഘാടനം മുതിർന്ന കർഷകൻ ശ്രീ. വി.സി.ദാസ് നിർവ്വഹിക്കുന്നു.

എൽ. സുസ്മിത (ക്ഷീര വികസന ഓഫീസർ) എന്നിവർ സംസാരിച്ചു. ശ്രീമതി. ഇന്ദിര തിലകൻ, (പഞ്ചായത്ത് പ്രസിഡന്റ്, മാരാരിക്കുളം തെക്ക്), ശ്രീമതി. തങ്കമണി ഗോപിനാഥ്, (പഞ്ചായത്ത് പ്രസിഡന്റ്, മണ്ണഞ്ചേരി), ഡോ. വി.കൃഷ്ണകുമാർ, (ഹെഡ്, സി.പി.സി.ആർ.ഐ, കായംകുളം), ഡോ. പി. മുരളീധരൻ, (കൃഷി വിജ്ഞാനകേന്ദ്രം മേധാവി), ശ്രീമതി. ടി.കെ അനികുമാരി (ഡപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്), ശ്രീമതി. ഇന്ദു. ബി (കൃഷി ഓഫീസർ, മാരാരിക്കുളം തെക്ക്), ശ്രീമതി. പി. അനിത (കൃഷി ഓഫീസർ, മണ്ണഞ്ചേരി) ശ്രീമതി. അമ്പിളി (കൃഷി ഭവൻ, ആര്യാട്), ശ്രീ. രാജീവ്. എം.എസ് (കൃഷിവിജ്ഞാനകേന്ദ്രം സാങ്കേതിക വിദഗ്ധൻ) എന്നിവർ കർഷകരെ അഭിസംബോധന ചെയ്തു. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്, കഞ്ഞിക്കുഴി, മുട്ടാർ തുടങ്ങിയ പഞ്ചായത്തുകളിലെ മുന്നൂറോളം കർഷകർ സംഗമത്തിൽ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് കെ.വി.കെ ഒരുക്കിയ ജില്ലക്കനുയോജ്യമായ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പ്രദർശനത്തിൽ കെ.വി.കെയിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി പ്രവർത്തന നിരതരായ നിരവധി സംരംഭകരുടെ ഉത്പ്പന്നങ്ങളും പ്രദർശിപ്പിച്ചു. പ്രദർശനം മുതിർന്ന കർഷക പ്രതിനിധി ശ്രീ. വി.സി. ദാസ് ഉദ്ഘാടനം ചെയ്തു.


RAWE വിദ്യാർത്ഥികൾ കണ്ടല്ലൂരിൽ സംഘടിപ്പിച്ച പരിശീലന പരിപാടി

## ക്ലാസ്സ് മുറികളിൽ നിന്നും കർഷകരിലേക്ക്

കൃഷിയിലെ പ്രായോഗിക പരിചയം വർദ്ധിപ്പിക്കാനും കർഷകരെ നേരിൽകണ്ട് അവരുടെ ആശയങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കാനും, സർവ്വോപരി ഗ്രാമീണ മേഖലയുടെ തുടിപ്പുകൾ അനുഭവിച്ചറിയാനുമായി കാർഷിക ബിരുദ വിദ്യാർത്ഥികളുടെ പഠന ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ് - RAWE (ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം). വെള്ളായണി കാർഷിക കോളജിലെ 21 അവസാന വർഷ കാർഷിക ബിരുദ വിദ്യാർത്ഥികൾ ഈ പരിപാടിയുടെ ഭാഗമായുള്ള കെ.വി.കെ പരിശീലനത്തിൽ പങ്കെടുത്തു. വിദ്യാർത്ഥികൾ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും കെ.വി.കെയിലെ വിദഗ്ധരുടെ സഹായത്തോടെ 'ശാസ്ത്രീയ മഞ്ഞൾ കൃഷി' എന്ന വിഷയത്തിൽ കർഷകർക്കായി പരിശീലന പരിപാടി വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. മുട്ടാറിൽ കർഷകരുമായി സംവദിക്കാനും വിവിധ കൃഷിയിട പരീക്ഷണ സ്ഥലങ്ങൾ സന്ദർശിക്കാനും കഴിഞ്ഞത് മറക്കാനാകാത്ത അനുഭവമായി അവർ അഭിപ്രായപ്പെട്ടു.

## ആര്യാട്: കരിങ്കോഴികളുടെ സ്വന്തം ഗ്രാമം



കരിങ്കോഴി വളർത്തൽ ഫീൽഡ് ദിനാചരണത്തിൽ ആര്യാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബിപിൻരാജ് സംസാരിക്കുന്നു.

അടുക്കള മുറ്റത്തെ കോഴി വളർത്തലിൽ കർഷകർക്ക് പുത്തൻ ഉണർവും പ്രതീക്ഷയുമേകി വിപണിയിൽ ഏറെ പ്രസിദ്ധമായ കരിങ്കോഴിയിനം ആര്യാട് പഞ്ചായത്തിൽ വ്യാപകമാകുന്നു. സാധാരണ കോഴികളെ അപേക്ഷിച്ച് രോഗപ്രതിരോധ ശേഷിയും പോഷക-ഔഷധ ഗുണങ്ങളും ഒത്തിണങ്ങിയ കരിങ്കോഴികൾക്ക് വിപണനമൂല്യവും കൂടുതലായതിനാൽ കർഷകർക്ക് മികച്ച ലാഭം കൊയ്യാനാകും.

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം 2015-16 സാമ്പത്തിക വർഷം ആര്യാട് പഞ്ചായത്തിൽ നടപ്പിലാക്കിയ മുൻനിര പ്രദർശന പരിപാടിയിൽ തെരഞ്ഞെടുത്ത കർഷകരുടെ പങ്കാളിത്തത്തോടെയാണ് ഇത് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 18 വാർഡിലും തെരഞ്ഞെടുത്ത വീട്ടമ്മമാർക്ക് 60 ദിവസം പ്രായമായ കരിങ്കോഴി കുഞ്ഞുങ്ങളെ നൽകി അതിന്റെ ശാസ്ത്രീയ പരിചരണ മുറകളും പരിചയപ്പെടുത്തി.

ഈ പദ്ധതിയോടനുബന്ധിച്ച് സംഘടിപ്പിച്ച കർഷക സംഗമം മെയ് 26ന് ആര്യാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബിപിൻരാജ് ഉദ്ഘാടനം ചെയ്തു. ശ്രീമതി. ബിന്ദു മധുകുമാർ, ഡോ. പി. മുരളീധരൻ, ഡോ.എസ്. രവി എന്നിവർ കർഷകരെ അഭിസംബോധന ചെയ്തു. തുടർന്ന് പങ്കാളികളായ കർഷകർ അനുഭവം പങ്കുവെക്കുകയും വ്യവസായിക അടിസ്ഥാനത്തിൽ ഇൻക്യുബേറ്റർ ഉപയോഗിച്ച് മുട്ട വിരിയിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഈ വർഷം പഞ്ചായത്തിലുടനീളമുള്ള കുടുംബങ്ങൾക്ക് കരിങ്കോഴികുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ശ്രീ. ബിപിൻരാജിന്റെ ഉറപ്പ് കർഷകർ ആവേശപൂർവ്വം സ്വീകരിച്ചു. 30-ഓളം കർഷകർ പരിപാടിയിൽ പങ്കെടുത്തു.

## വെള്ളപ്പൊക്കത്തിലും വളർത്താം വാഴകൾ

കാലാവസ്ഥാനുസൃത കൃഷിസമ്പ്രദായങ്ങൾ എന്ന ദേശീയ പദ്ധതിയുടെ ഭാഗമായി, 'വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതിന് ടിഷ്യുകൾച്ചർ വാഴതൈകളുടെ ആദ്യഘട്ട പരിപാലനം' എന്ന സാങ്കേതിക വിദ്യാ പ്രദർശന പരിപാടി ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുകയുണ്ടായി. വാഴതൈകളുടെ നടീൽ സമയത്തെ വെള്ളക്കെട്ടിൽ നിന്നും രക്ഷ നേടുന്നതിനായി ടിഷ്യൂ കൾച്ചർ വാഴതൈകൾ ഒന്നര മാസം വരെ പോളിബാഗിൽ പരിപാലിച്ച് വെള്ളപ്പൊക്കത്തിന് ശേഷം പ്രധാന കൃഷിയിടത്തിലേക്ക് മാറ്റി നടുകയും ശാസ്ത്രീയ പരിപാലന മുറകൾ അനുവർത്തിക്കുകയുമാണ് ഈ

പ്രദർശന പരിപാടിയിൽ നടപ്പിലാക്കിയത്. കർഷകരുടെ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ വിളവെടുപ്പും ഫീൽഡ് ദിനാചരണവും മുട്ടാർ ഗവ. യു.പി. സ്കൂളിൽ വച്ച് കർഷകർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. തദവസരത്തിൽ മുട്ടാർ ഗവ. സ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി. ജയശ്രീ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ശ്രീ. ശശികുമാർ, കെ.വി.കെ, ഹെഡ് ഡോ. പി. മുരളീധരൻ, കെ.വികെ., എസ്.എം.എസ്, ശ്രീ. എം.എസ് രാജീവ് എന്നിവർ സംസാരിച്ചു. പദ്ധതിയിൽ പങ്കാളികളായ ശ്രീ. എസ്.ടി. ചാക്കോ, ശ്രീ. കെ.എസ്. തോമസ് എന്നീ കർഷകർ അനുഭവ വിവരണം നടത്തി. കർഷകരും വിദ്യാർത്ഥികളും പരിപാടിയിൽ പങ്കാളികളായി.



സാങ്കേതിക വിദ്യാ പ്രദർശനത്തോടനുബന്ധിച്ചുള്ള വിളവെടുപ്പ്.

സാങ്കേതിക വിദ്യാ നുറുങ്ങുകൾ

## ചെറുകിട ഇൻകുബേറ്റർ



തൊടിയിലാകെ ചിക്കി ചികഞ്ഞ് കോഴിക്കുഞ്ഞുങ്ങളുമായി നടന്നിരുന്ന തള്ളക്കോഴികൾ ഇന്ന് അപൂർവ്വ കാഴ്ചയായി. ഇപ്പോൾ പ്രചാരത്തിലുള്ള മിക്ക സങ്കരയിനം കോഴികളും അടയിരിക്കുന്ന (പൊരുന്നയിരിക്കുക)വയല്ല എന്നുള്ളതാണിതിന് കാരണം. നാടൻ കോഴികൾ അന്യം നിന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മുട്ടവിരിയിക്കുന്നത് തന്നെ ഏറെ പ്രയാസമുള്ള ഒരേർപ്പാടായി മാറിയിരിക്കുന്നു. എന്നാൽ ഇതിനു പരിഹാരമായി, തള്ളക്കോഴിയുടെ സഹായമില്ലാതെ തന്നെ ഏറ്റവും കുറഞ്ഞത് 10 മുട്ട മുതൽ വിരിയിച്ചെടുക്കാനുള്ള ഇൻകുബേറ്റർ സാങ്കേതിക വിദ്യ ഇന്നുണ്ട്. വിവിധയിനത്തിലുള്ള ഇൻകുബേറ്ററുകൾ 3000 രൂപ മുതൽ കമ്പോളത്തിൽ ലഭ്യമാണ്. വീട്ടാവശ്യത്തിനുള്ള കോഴികളെ വിരിയിച്ചെടുക്കുന്നതിനു പുറമെ ഒരു ചെറുകിട സംരംഭമായി, കൂടുതൽ കോഴികുഞ്ഞുങ്ങളെ വിരിയിച്ച് വിപണനം ചെയ്യാനും ഇൻകുബേറ്റർ മുഖേന സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് കെ.വി.കെയുമായി ബന്ധപ്പെടാം.

**ഇൻകുബേറ്ററിൽ കോഴിമുട്ട വിരിയാൻ എത്ര ദിവസം വേണം?** ഉത്തരം 21

*Dr. S Ravi* (SMS, KVK)

## വേരുതീനിപ്പുഴുവിനെ നിയന്ത്രിക്കാം

തെങ്ങ്, ഇടവിളകളായ കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ വേരുകൾ തിന്ന് നശിപ്പിക്കുന്ന പുഴുക്കളുടെ വണ്ടുകൾ ഈ മഴക്കാലത്താണ് മണ്ണിൽ നിന്ന് പുറത്ത് വരും. വെളിച്ചത്തിലേക്ക് ആകൃഷ്ടരായെത്തുന്ന ഈ വണ്ടുകൾ അതിരാവിലെയും സന്ധ്യയ്ക്കും പറന്ന് നടക്കാറുണ്ട്. വിളക്ക് കെണി ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കാം. മണ്ണ് നന്നായി കിളയ്ക്കുന്നതും തെങ്ങിൻ തടത്തിൽ വേപ്പിൻ പിണ്ണാക്ക് 5 കിലോഗ്രാം എന്ന തോതിൽ ചേർക്കുന്നതും ഈ കീടത്തെ നിയന്ത്രിക്കാൻ സഹായിക്കും.



വേരുതീനി പുഴുക്കൾ



വണ്ട്

*T. Sivakumar* (SMS, KVK)

## വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

കൃഷിയിട സന്ദർശനം, ടെലിഫോൺ സംശയനിവാരണം, കാർഷിക ക്ലിനിക്ക്, സെമിനാറുകൾ മുതലായവയിലൂടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എണ്ണൂറോളം കർഷകർ കൃഷി വിഭാഗ കേന്ദ്രത്തിന്റെ വിവിധ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പങ്കാളികളായി.





കൃഷിയിട സന്ദർശനം

## പരിശീലന പരിപാടികൾ

ഇക്കാലയളവിൽ കൃഷി വിജ്ഞാന കേന്ദ്രം വിവിധ വിഷയങ്ങളിൽ 24 പരിശീലനങ്ങൾ സംഘടിപ്പിക്കുകയും അവയിൽ 557 പരിശീലനാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു.



ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പരിശീലന പരിപാടി.

## പ്രസിദ്ധീകരണങ്ങൾ

1. രവി.എസ്, മുരളീധരൻ. പി. ആദായം- അഭിമാനം ഈ കുടുംബകൃഷി. 2016. കർഷകശ്രീ 22 (4) : 52-54
2. രവി. എസ്. മുറ്റത്തെ കോഴിക്ക് മീൻ സൈലേജ്. 2016. കർഷകശ്രീ 22(4) : 30
3. ജിസ്സി ജോർജ്ജ്, മുരളീധരൻ. പി. പച്ചച്ചക്ക ഉണക്കി സൂക്ഷിക്കാം. 2016. കർഷകശ്രീ 22(4) : 56-57
4. ജിസ്സി ജോർജ്ജ്, മുരളീധരൻ. പി. ഓണാട്ടുകരയിലെ മഞ്ഞൾ പ്രസാദം. 2016. കർഷകശ്രീ 22 (6) : 40

## റേഡിയോ പരിപാടികൾ

തിരുവനന്തപുരം ആകാശവാണിയുടെ വയലും, വീടും പരിപാടിയിൽ ഡോ. പി. മുരളീധരന്റെ 'കാലാവസ്ഥ വ്യതിയാനവും, സുസ്ഥിര നാളീകേര ഉദ്പ്പാദനവും' എന്ന പ്രഭാഷണവും ശ്രീ. ടി. ശിവകുമാറിന്റെ എങ്ങനെ നല്ല തെങ്ങിൻതൈ സ്വന്തമാക്കാം' എന്ന അഭിമുഖവും യഥാക്രമം ഏപ്രിൽ 6, 9 തീയതികളിൽ പ്രക്ഷേപണം ചെയ്തു. പ്രധാനമന്ത്രി ഫസൽ ബീമാ യോജന ബോധവത്കരണ പരിപാടിയുടെ ശബ്ദചിത്രം ജൂൺ 24ന് വയലും വീടിലൂടെ പ്രക്ഷേപണം ചെയ്തിരുന്നു.

## മാനവ വിഭവശേഷി വികസന പരിശീലനം

കോഴിക്കോട് ഐ.എം.എയിൽ നബാർഡ് സംഘടിപ്പിച്ച ഉത്പാദക കമ്പനി രൂപവൽക്കരണ പരിശീലന (17-12 മെയ്) ത്തിൽ കെ.വി.കെ വിദഗ്ധൻ ശ്രീ. എം.എസ്. രാജീവ് പങ്കെടുത്തു.

## ലോക പരിസ്ഥിതി ദിനാചരണം കലവൂരിൽ

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 6ന് കലവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും, 'കൃഷിയും പരിസ്ഥിതിയും' എന്ന വിഷയത്തിൽ ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. കെ.വി.കെ. സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. കെ. സജ്നാനാഥ് ക്വിസ് മത്സരം നയിച്ചു. അമീനാ.വൈ, ഫർഹാനാ ഉമ്മർ, രേഷ്മാ രഘുനാഥ് എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സ്കൂളിലെ ഫാം ക്ലബ്ബിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി. വിജയലക്ഷ്മി മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.



ലോക പരിസ്ഥിതി ദിനം
വിദ്യാർത്ഥികൾക്കായുള്ള ക്വിസ് മത്സരം.



## കർഷക ഉത്പാദക കമ്പനി

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരു മഞ്ഞൾ കർഷക ഉത്പാദക കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഭരണിക്കാവ് ബ്ലോക്ക് കേന്ദ്രീകരിച്ചാണ് ഈ കമ്പനി പ്രവർത്തിക്കുക. മഞ്ഞളിന്റെ ശാസ്ത്രീയ കൃഷി, വിത്തുത്പാദനം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. കമ്പനിയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും അംഗങ്ങളാകാനും താൽപര്യമുള്ള ഭരണിക്കാവ് ബ്ലോക്കിലെ മഞ്ഞൾ കർഷകർക്ക് കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടാം.

## ചക്ക അധിഷ്ഠിത പദ്ധതികൾക്ക്
# 5 കോടി



നമ്മുടെ പാരമ്പര്യ ഭക്ഷണ ക്രമത്തിന്റെ ഭാഗമായിരുന്ന ചക്കയുടെ ഗവേഷണത്തിനും, പ്രചാരണത്തിനുമായുള്ള പദ്ധതികൾക്കായി കേരള സർക്കാരിന്റെ 2016 - 17ലെ പുതുക്കിയ ബഡ്ജറ്റിൽ ആലപ്പുഴ, പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കായി 5 കോടി വകയിരുത്തിയ സംസ്ഥാന ധന മന്ത്രി ഡോ. റ്റി.എം. തോമസ്സ് ഐസക്കിന് കെ.വി.കെയുടെ പ്രത്യേക അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

## പ്രധാനമന്ത്രി ഫസൽ ബീമാ യോജന (PMFBY)

- ദേശിയ കാർഷിക ഇൻഷുറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിക്കും പകരമാണീ പുതിയ പദ്ധതി.
- വിളവിനുള്ള നഷ്ടം, നടീൽ തടസ്സപ്പെടൽ, വിളവെടുപ്പിനു ശേഷമുള്ള നഷ്ടം എന്നിവ അടിസ്ഥാനപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നു.
- കിസാൻ ക്രഡിറ്റ് കാർഡുടമകൾ നിർബന്ധമായും, മറ്റു താൽപ്പര്യമുള്ള കർഷകർക്ക് സമീപത്തുള്ള ബാങ്ക് ശാഖ, നിശ്ചിത ഇൻഷുറൻസ് ഏജൻസി എന്നിവയെ സമീപിച്ച് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
- പരമാവധി പ്രീമിയം നിരക്ക് : ഖാരിഫ് വിളകൾ 2 %, റാബി വിളകൾ 1.5%, വാണിജ്യവിളകൾ 5%.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക.
www.agri-insurance.gov.in

Prabha Offset, Kappil - 2437749, 9447908459

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Principal Scientist & Head; Design, Layout & Compilation: T. Sivakumar; Technical Inputs : Rajeev M.S., Dr. S. Ravi., Dr. K. Sajnanath, Lekha G & Jissy George; Technical Assistance : Arathy Balakrishnan, Ansary K.M, Bijila P.V & Reema Anand.; Photos: KVK Staff & E.R. Ashokan